# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 505** 18.05.2017-ൽ **മറുപടിക്ക്**

ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന

| | ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. കാരാട്ട് റസാഖ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി മേഖലയിൽ ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ഗ്രാമീണ ഭവന വൈദ്യുതീകരണം, ഗ്രാമീണ വൈദ്യുതി സബ്ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ ശൃംഖല ശക്തിപ്പെടുത്തൽ, കേടായതും പഴയതുമായ മീറ്ററുകൾ മാറ്റി വയ്ക്കൽ, സൻസദ് ആദർശ് ഗ്രാമയോജന (SAGY) പ്രകാരം പാർലമെന്റംഗങ്ങൾ തെരഞ്ഞെടുത്ത വില്ലേജുകളിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കൽ എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | ഗ്രാമീണ മേഖലയിൽ വൈദ്യുതീകരണത്തിനും വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) & (ഡി) | ഗ്രാമീണ മേഖലയിൽ ഭവന വൈദ്യുതീകരണത്തോടനുബന്ധിച്ചുള്ള എൽ.റ്റി ലൈൻ നിർമ്മാണം, 11 കെ.വി ലൈനുകൾ, ഡിസ്ട്രിബ്യൂഷൻ ട്രൻസ്ഫോർമറുകൾ, ഏരിയൽ ബഞ്ച്ഡ് കണക്ടർ (എ.ബി.സി) ലൈൻ തുടങ്ങിയവയും വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി പുതിയ 11 കെ.വി ലൈനുകൾ സ്ഥാപിക്കൽ, നിലവിലുള്ള 11 കെ.വി ലൈൻ, എൽ.റ്റി ലൈൻ, ട്രൻസ്ഫോർമർ എന്നിവയുടെ ശേഷി കൂട്ടലും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദാരിദ്ര്യ രേഖയ്ക്കടിയിൽപ്പെട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവനങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കലും DDUGJY പദ്ധതിയിൽപെടുത്തിയിട്ടുണ്ട്. |
| (ഡി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്ന തിന് ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ? | | |

(signature)

**സെക്ഷൻ ഓഫീസർ**